ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ്

(2003-ലെ 34-ാം നമ്പർ ആക്റ്റ്)

(2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE CIGARETTES AND OTHER TOBACCO PRODUCTS (PROHIBITION OF ADVERTISEMENT AND REGULATION OF TRADE AND COMMERCE, PRODUCTION, SUPPLY AND DISTRIBUTION) ACT, 2003

(Act No. 34 of 2003)

(As on 17th September, 2009)

വില : ₹ 23

©

യൂണിയൻ സർക്കാരിന് വേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2010

## ആമുഖം

2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ് (2003-ലെ 34-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ജനുവരി 16-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 4-ാം നമ്പരായി 1 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,

ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of The Cigarettes and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 (Act No. 34 of 2003) as on 17th September, 2009 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 4 dated 16th January, 2010 on Pages 1 to 14.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,

*Secretary to the Government of India.*

3/2556/2010

## 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ്

(2003-ലെ 34-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 2 |
| 2. | യൂണിയനാലുള്ള നിയന്ത്രണം ഉചിതമാണെന്നുള്ള പ്രഖ്യാപനം | 2 |
| 3. | നിർവ്വചനങ്ങൾ | 2 |
| 4. | ഒരു പൊതു സ്ഥലത്ത് പുകവലി നിരോധനം | 3 |
| 5. | സിഗരറ്റുകളുടെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും പരസ്യത്തിന്റെ നിരോധനം | 4 |
| 6. | പതിനെട്ട് വയസ്സിനു താഴെ പ്രായമുള്ള ഒരാൾക്കും പ്രത്യേക പ്രദേശത്തിലും സിഗരറ്റോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ വിൽക്കുന്നതിന്മേലുള്ള നിരോധനം | 5 |
| 7. | സിഗരറ്റുകളിലും മറ്റ് പുകയില ഉത്പന്നങ്ങളിലും ഉള്ള വ്യാപാര വാണിജ്യത്തിന്റെയും അവയുടെ ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും മേലുള്ള നിയന്ത്രണങ്ങൾ | 5 |
| 8. | വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഏതു രീതിയിൽ നല്കേണ്ടതാണെന്ന് | 5 |
| 9. | വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഏതു ഭാഷയിലാണ് പ്രകടിപ്പിക്കേണ്ടതെന്ന് | 6 |
| 10. | അക്ഷരങ്ങളുടെയും അക്കങ്ങളുടെയും വലിപ്പം | 6 |
| 11. | നിക്കോട്ടിന്റെയും ടാറിന്റെയും അളവ് പരിശോധിക്കുന്നതിനുള്ള ലബോറട്ടറി | 7 |
| 12. | പ്രവേശനത്തിനും പരിശോധനയ്ക്കുമുള്ള അധികാരം | 7 |
| 13. | പിടിച്ചെടുക്കുന്നതിനുള്ള അധികാരം | 7 |
| 14. | പായ്ക്കേജിന്റെ കണ്ടുകെട്ടൽ | 7 |
| 15. | കണ്ടുകെട്ടലിനു പകരം ചെലവ് കൊടുക്കുവാൻ ഐച്ഛികാവകാശം നൽകുന്നതിനുള്ള അധികാരം | 8 |
| 16. | കണ്ടുകെട്ടൽ മറ്റ് ശിക്ഷകൾക്ക് തടസ്സമാവുകയില്ലെന്ന് | 8 |
| 17. | ന്യായനിർണ്ണയം | 8 |
| 18. | പിടിച്ചെടുക്കപ്പെട്ട പായ്ക്കേജുകളുടെ ഉടമസ്ഥന് അവസരം നൽകൽ | 8 |
| 19. | അപ്പീൽ | 9 |
| 20. | വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളും നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ | 9 |
| 21. | ചില സ്ഥലങ്ങളിൽ പുക വലിക്കുന്നതിനുള്ള ശിക്ഷ | 9 |

| | | |
|---|---|---|
| 22. | സിഗരറ്റുകളുടെയും പുകയില ഉത്പന്നങ്ങളുടെയും പരസ്യം ചെയ്യുന്നതിനുള്ള ശിക്ഷ | 10 |
| 23. | പരസ്യത്തിന്റെയും പരസ്യവസ്തുവിന്റെയും കണ്ടുകെട്ടൽ | 10 |
| 24. | സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ ചില സ്ഥല ങ്ങളിലോ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ആളുകൾക്കോ വിൽക്കുന്നതിനുള്ള ശിക്ഷ | 10 |
| 25. | 4-ഉം 6-ഉം വകുപ്പുകളിൻകീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്ന സ്ഥലവും, നിരോധനവും തടങ്കലിൽ വയ്ക്കലും | 10 |
| 26. | കമ്പനികളാലുള്ള കുറ്റങ്ങൾ | 11 |
| 27. | കുറ്റങ്ങൾക്ക് ജാമ്യം അനുവദിക്കേണ്ടതാണെന്ന് | 11 |
| 28. | കുറ്റങ്ങൾ രാജിയാക്കൽ | 11 |
| 29. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | 11 |
| 30. | ഏതെങ്കിലും പുകയില ഉത്പന്നങ്ങളെ പട്ടികയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള അധികാരം | 12 |
| 31. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം | 12 |
| 32. | കയറ്റുമതി ചെയ്യപ്പെടുന്ന സിഗരറ്റുകൾക്കോ മറ്റ് പുകയില ഉത്പന്നങ്ങൾക്കോ ആക്റ്റ് ബാധകമല്ലെന്ന് | 13 |
| 33. | റദ്ദാക്കലും ഒഴിവാക്കലും | 13 |
| | പട്ടിക | 14 |

# 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ്

(2003-ലെ 34-ാം നമ്പർ ആക്റ്റ്) [2003 മേയ് 18]

സിഗരറ്റുകളുടെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും പരസ്യം
നിരോധിക്കുന്നതിനും അതിനെ സംബന്ധിച്ച വ്യാപാര-
വാണിജ്യവും അവയുടെ ഉത്പാദനവും സപ്ലൈയും
വിതരണവും ക്രമപ്പെടുത്തുന്നതിനും അതുമായി
ബന്ധപ്പെട്ടതോ അതിനു ആനുഷംഗിക
മായതോ ആയ വിഷയങ്ങൾക്കു
വേണ്ടി വ്യവസ്ഥ ചെയ്യുന്ന
തിനും ഉള്ള
ഒരു
ആക്റ്റ്

39-ാം ലോകാരോഗ്യ അസംബ്ലി (ഡബ്ല്യു. എച്ച്. ഒ.) 1986 മേയ് 15-ാം തീയതി കൂടിയ അതിന്റെ പതിനാലാം പ്ലീനറി സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയം, പുകയിലയുടെ പുകയ്ക്ക് ഇച്ഛാപൂർവ്വമല്ലാതെ വിധേയമാക്കപ്പെടുന്നതിൽ നിന്നും പുകവലിക്കാത്തവർക്ക് ഫലപ്രദമായ സംരക്ഷണം നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പുകയില ഉപയോഗിക്കുന്നതിൽ ആസക്തരാകുന്നതിൽ നിന്നും കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇതുവരെയും നടപ്പിലാക്കിയിട്ടില്ലാത്ത ഡബ്ല്യു. എച്ച്. ഒ.-യിലെ അംഗരാജ്യങ്ങളെ അപ്രകാരം നടപ്പിലാക്കുന്നതിനും, നിഷ്കർഷിച്ചിട്ടുള്ളതിനാലും;

1990 മേയ് 17-ാം തീയതി കൂടിയ 43-ാം ലോകാരോഗ്യ അസംബ്ലി, അതിന്റെ പതിനാലാം പ്ലീനറി സമ്മേളനത്തിൽ 39-ാം ലോകാരോഗ്യ അസംബ്ലി പാസ്സാക്കിയ പ്രമേയത്തിൽ പ്രകടിപ്പിച്ച കാര്യങ്ങളെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതിനാലും ഇച്ഛാപൂർവ്വമല്ലാതെ പുകവലിയുടെ പുകയ്ക്ക് വിധേയമാക്കപ്പെടുന്നതിൽ നിന്നും ഗർഭിണികളായ സ്ത്രീകളെയും കുട്ടികളെയും പോലെ ആപത് സാദ്ധ്യതയുള്ള വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് അംഗരാജ്യങ്ങളിലെ പൗരൻമാരെ സംരക്ഷിക്കുന്നതിനും പുകയിലയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും പുരോഗമനോന്മുഖമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും പുകയിലയെ സംബന്ധിച്ച നേരിട്ടും നേരിട്ടല്ലാതെയുമുള്ള എല്ലാ പരസ്യപ്പെടുത്തലുകളും പ്രോത്സാഹനവും സ്പോൺസർഷിപ്പും ആത്യന്തികമായി ഒഴിവാക്കുന്നതിനും യോജിച്ചു തീരുമാനിച്ച് നടപടിയെടുക്കുന്നതിനും വേണ്ടി അംഗരാജ്യങ്ങളുടെ പുകയില നിയന്ത്രണതന്ത്രവൈദഗ്ദ്ധ്യ പദ്ധതികളിൽ നിയമനിർമ്മാണവും മറ്റ് ഫലപ്രദമായ മാർഗ്ഗങ്ങളും പരിഗണിക്കുവാൻ അവരെ നിഷ്കർഷിച്ചിട്ടുള്ളതിനാലും;

പൊതുതാല്പര്യത്തിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും പുകയിലയിന്മേൽ ഒരു സമഗ്രനിയമം ഉണ്ടാക്കുന്നത് യുക്തമാണെന്ന് കരുതപ്പെടുന്നതിനാലും;

ഭരണഘടനയുടെ 47-ാം അനുച്ഛേദം അനുശാസിച്ചിട്ടുള്ള പ്രകാരം സാമാന്യമായി പൊതുജനാരോഗ്യ പുരോഗതി നേടണമെന്ന കാഴ്ചപ്പാടോടുകൂടി ആരോഗ്യത്തിന് ഹാനികരമായ സിഗരറ്റുകളുടെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും ഉപഭോഗം തടയുന്നത് ഉചിതമാകയാലും;

സിഗരറ്റുകളുടെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും പരസ്യം നിരോധിക്കുന്നതും വ്യാപാര-വാണിജ്യവും ഉത്പാദനവും സപ്ലൈയും വിതരണവും ക്രമപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതും ഉചിതമാകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥ കൾക്ക് വ്യത്യസ്ത [1][തീയതികൾ] നിശ്ചയിക്കാവുന്നതുമാണ്.

2. യൂണിയനാലുള്ള നിയന്ത്രണം ഉചിതമാണെന്നുള്ള പ്രഖ്യാപനം.—പുകയില വ്യവസായം യൂണിയൻ അതിന്റെ നിയന്ത്രണത്തിൻകീഴിലാക്കുന്നത് പൊതുതാൽപര്യത്തിന് ഉചിതമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

3. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''പരസ്യം'' എന്നതിൽ നോട്ടീസ്, സർക്കുലർ, ലേബൽ, റാപ്പർ അല്ലെങ്കിൽ മറ്റ് രേഖകൾ മുഖേനയുള്ള ഏതെങ്കിലും ദൃശ്യമായ പ്രതിരൂപണം ഉൾപ്പെടുന്നതും കൂടാതെ വാഗ്‌രൂപത്തിലോ അല്ലെങ്കിൽ വെളിച്ചമോ ശബ്ദമോ പുകയോ വാതകമോ ഉത്പാദിപ്പിക്കുന്നതോ സംപ്രേഷണം ചെയ്യുന്നതോ ആയ ഏതെങ്കിലും മാർഗ്ഗത്തിലൂടെയോ നടത്തുന്ന ഏതൊരു അറിയിപ്പും ഉൾപ്പെടുന്നതുമാകുന്നു;

(ഖ) ''സിഗരറ്റ്'' എന്നതിൽ,—

(i) കടലാസിലോ പുകയില അടങ്ങിയിട്ടില്ലാത്ത മറ്റേതെങ്കിലും പദാർത്ഥത്തിലോ പൊതിഞ്ഞ ഏതെങ്കിലും പുകയില ചുരുളും ;

(ii) പുകയില അടങ്ങിയ ഏതെങ്കിലും പദാർത്ഥത്തിൽ പൊതിഞ്ഞിരിക്കുന്നതും അതിന്റെ രൂപത്തിന്റെയോ ഫിൽട്ടറിൽ ഉപയോഗിച്ചിരിക്കുന്ന പുകയിലയുടെ ഇനത്തിന്റെയോ, അതിന്റെ പായ്ക്ക് ചെയ്യലിന്റെയോ ലേബൽ ചെയ്യലിന്റെയോ കാരണത്താൽ സിഗരറ്റ് എന്ന നിലയിൽ ഉപഭോക്താക്കൾക്കായി പ്രദർശിപ്പിക്കപ്പെടാനോ അവരാൽ വിലയ്ക്ക് വാങ്ങിക്കപ്പെടാനോ ഇടയുള്ളതായിരിക്കുന്നതുമായ ഏതെങ്കിലും പുകയില ചുരുളും,

ഉൾപ്പെടുന്നതും, എന്നാൽ ബീഡിയും ഷെറൂട്ടും ചുരുട്ടും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(ഗ) ''വിതരണം'' എന്നതിൽ സാമ്പിളുകളുടെ രൂപത്തിൽ സൗജന്യമായോ മറ്റു വിധത്തിലോ ഉള്ള വിതരണവും ഉൾപ്പെടുന്നു ;

(ഘ) വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയപദങ്ങളോടും കൂടി ''കയറ്റുമതി'' എന്നാൽ ഭാരതത്തിൽ നിന്നും ഭാരതത്തിന് വെളിയിലേക്കുള്ള ഒരു സ്ഥലത്തേക്ക് കൊണ്ടുപോകുക എന്നർത്ഥമാകുന്നു;

(ങ) ''വിദേശ ഭാഷ'' എന്നാൽ ഭാരതത്തിന്റെ ഭാഷയോ ഇംഗ്ലീഷ് ഭാഷയോ അല്ലാത്ത ഒരു ഭാഷ എന്നർത്ഥമാകുന്നു;

(ച) വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയപദങ്ങളോടുംകൂടി ''ഇറക്കുമതി'' എന്നാൽ ഭാരതത്തിന് വെളിയിലുള്ള ഒരു സ്ഥലത്തുനിന്ന് ഭാരതത്തിലേക്ക് കൊണ്ടുവരിക എന്നർത്ഥമാകുന്നു;

(ഛ) ''ഭാരതഭാഷ'' എന്നാൽ ഭരണഘടനയുടെ എട്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു ഭാഷ എന്നർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള ഭാഷയുടെ ഏതെങ്കിലും പ്രാദേശിക ഭാഷ ഉൾപ്പെടുന്നതുമാകുന്നു;

(ജ) ''ലേബൽ'' എന്നാൽ ഏതെങ്കിലും പായ്ക്കേജിൽ പതിച്ചതോ അതിന്മേൽ കാണുന്നതോ ആയ ലിഖിതമായതോ അടയാളപ്പെടുത്തിയതോ സ്റ്റാമ്പ് ചെയ്തതോ അച്ചടിച്ചതോ ചിത്രിതമായി രേഖപ്പെടുത്തിയതോ ആയ ഏതെങ്കിലും വിഷയം എന്നർത്ഥമാകുന്നു;

---

[1] 1, 2, 3, 4, 5, 6(ക), 12(1)(ഖ), 12(2), 13(1)(ഖ), 13(2), 14, 16, 19, 21, 22, 23, 24, 25, 26, 27, 28, 29, 30, 31 വകുപ്പുകളിലെ വ്യവസ്ഥകൾ 1-5-2004-ൽ നിലവിൽ വന്നു.

(ഝ) ''പായ്ക്കേജ്'' എന്നതിൽ റാപ്പറോ പെട്ടിയോ കാർട്ടണോ ടിന്നോ മറ്റ് പാത്രമോ ഉൾപ്പെടുന്നതുമാകുന്നു ;

(ഞ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ട) വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയപദങ്ങളോടും കൂടി ''ഉത്പാദനം'' എന്നതിൽ, സിഗരറ്റുകളോ ചുരുട്ടുകളോ ഷെറൂട്ടുകളോ ബീഡികളോ പുകയില സിഗരറ്റോ പുകയില പൈപ്പോ പുകയില ഹുക്കയോ മുറുക്കാൻ പുകയിലയോ പാൻമസാലയോ പുകയില ഒരു ഘടക പദാർത്ഥമായിട്ടുള്ള ചർവ്വണം ചെയ്യുന്ന ഏതെങ്കിലും പദാർത്ഥമോ (എന്ത് പേര് പറഞ്ഞാലും) നാസികാചൂർണ്ണമോ ഉണ്ടാക്കുന്നത് ഉൾപ്പെടുന്നതും, അതിൽ—

(i) പാത്രങ്ങൾ പായ്ക്കു ചെയ്യലും ലേബൽ ചെയ്യലും പുനർലേബൽ ചെയ്യലും ;

(ii) മൊത്തമായ പായ്ക്കേജുകളിൽ നിന്നും ചില്ലറ പായ്ക്കേജുകളിലേക്ക് വീണ്ടും പായ്ക്ക് ചെയ്യലും ;

(iii) പുകയില ഉത്പന്നത്തെ വിപണന യോഗ്യമാക്കുന്നതിനുള്ള മറ്റേതെങ്കിലും സമ്പ്രദായം സ്വീകരിക്കലും,

ഉൾപ്പെടുന്നതുമാകുന്നു ;

(ഠ) ''പൊതുസ്ഥലം'' എന്നാൽ പൊതുജനത്തിന് അവകാശമായിട്ടോ അല്ലാതെയോ പ്രവേശനമുള്ള ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നതും, അതിൽ ആഡിറ്റോറിയം, ആശുപത്രി കെട്ടിടങ്ങൾ, റെയിൽവെ കാത്തിരിപ്പ് മുറികൾ, വിനോദകേന്ദ്രങ്ങൾ, ഭോജന മന്ദിരങ്ങൾ, പൊതു ആഫീസുകൾ, കോടതി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, പൊതുവാഹനങ്ങൾ, പൊതുജനങ്ങൾ സന്ദർശിക്കുന്ന അതുപോലെയുള്ള സ്ഥലങ്ങൾ ഉൾപ്പെടുന്നതും, എന്നാൽ ഏതൊരു തുറസ്സായ സ്ഥലവും ഉൾപ്പെടാത്തതുമാകുന്നു;

(ഡ) വ്യാകരണസംബന്ധമായ രൂപഭേദങ്ങളോടും സജാതീയ പദങ്ങളോടുംകൂടി ''വില്പന'' എന്നാൽ ഒരാളാൽ മറ്റൊരാൾക്ക് സാധനങ്ങളുടെ ഉടമസ്ഥതയുടെ ഏതെങ്കിലും കൈമാറ്റം, അത് രൊക്കമായോ കടമായോ വിനിമയമായോ ആയാലും, മൊത്തമായോ ചില്ലറയായോ ആയാലും, എന്നർത്ഥമാകുന്നതും, അതിൽ വില്പനയ്ക്കുള്ള കരാറും വില്പനയ്ക്കുവയ്ക്കലും വില്പനയ്ക്കുള്ള പ്രദർശനവും ഉൾപ്പെടുന്നതുമാകുന്നു;

(ഢ) ''പുകവലി'' എന്നാൽ സിഗരറ്റിന്റെയോ ചുരുട്ടിന്റെയോ ബീഡികളുടെയോ രൂപത്തിലോ അല്ലെങ്കിൽ ഒരു പൈപ്പിന്റെയോ റാപ്പറിന്റെയോ മറ്റേതെങ്കിലും ഉപകരണങ്ങളുടെയോ സഹായത്തോടെ മറ്റ് വിധത്തിലോ, ഏതു രൂപത്തിലുമുള്ള പുകയിലയുടെ പുകവലിക്കൽ എന്നർത്ഥമാകുന്നു;

(ണ) ''വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ്'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന അപ്രകാരമുള്ള രൂപത്തിലും രീതിയിലും സിഗരറ്റുകളുടെയോ മറ്റു പുകയില ഉത്പന്നങ്ങളുടെയോ പായ്ക്കേജുകളിൻമേൽ അച്ചടിക്കേണ്ടതോ പെയിന്റ് ചെയ്യേണ്ടതോ ആലേഖനം ചെയ്യേണ്ടതോ ആയ സിഗരറ്റുകളോ മറ്റു പുകയില ഉത്പന്നങ്ങളോ ഉപയോഗിക്കുന്നതിനെതിരെയുള്ള അപ്രകാരമുള്ള മുന്നറിയിപ്പുകൾ എന്നർത്ഥമാകുന്നു;

(ത) ''പുകയില ഉത്പന്നങ്ങൾ'' എന്നാൽ പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട ഉത്പന്നങ്ങൾ എന്നർത്ഥമാകുന്നു.

4. ഒരു പൊതു സ്ഥലത്ത് പുകവലി നിരോധനം.—യാതൊരാളും ഏതെങ്കിലും പൊതുസ്ഥലത്ത് പുകവലിക്കാൻ പാടുള്ളതല്ല:

എന്നാൽ, മുപ്പതുമുറികളുള്ള ഒരു ഹോട്ടലിൽ അല്ലെങ്കിൽ മുപ്പതോ അതിൽ കൂടുതലോ പേർക്ക് ഇരിപ്പിടമുള്ള ഒരു ഭോജനശാലയിലും വിമാനത്താവളങ്ങളിലും പുകവലിക്കുന്നതിനുള്ള പ്രദേശത്തിനോ സ്ഥലത്തിനോവേണ്ടി ഒരു പ്രത്യേക സജ്ജീകരണം ചെയ്യാവുന്നതാണ്.

5. സിഗരറ്റുകളുടെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും പരസ്യത്തിന്റെ നിരോധനം.—

(1) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഉത്പാദനത്തിലോ സപ്ലൈയിലോ വിതരണത്തിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുകയോ ചെയ്യുന്ന യാതൊരാളും പരസ്യം ചെയ്യുവാൻ പാടില്ലാത്തതും ഒരു മാധ്യമത്തിന്റെ നിയന്ത്രണമുള്ള യാതൊരാളും സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ ആ മാധ്യമത്തിലൂടെ പരസ്യം ചെയ്യിക്കുവാൻ പാടില്ലാത്തതും, സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഉപയോഗമോ ഉപഭോഗമോ പ്രത്യക്ഷമായോ പരോക്ഷമായോ പ്രബോധിപ്പിക്കുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിലും യാതൊരാളും പങ്കെടുക്കുവാനോ പാടില്ലാത്തതുമാകുന്നു.

(2) ഏതെങ്കിലും പ്രത്യക്ഷമോ പരോക്ഷമോ ആയ സാമ്പത്തിക ലാഭത്തിനുവേണ്ടി യാതൊരാളും—

(ക) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുവാൻ ഇടയാക്കുകയോ പ്രദർശിപ്പിക്കുവാൻ അനുവദിക്കുകയോ അധികാരപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ പരസ്യം അടങ്ങുന്ന ഒരു ഫിലിമോ വീഡിയോടേപ്പോ വിൽക്കുകയോ വിൽക്കുവാൻ ഇടയാക്കുകയോ വിൽക്കുവാൻ അനുവദിക്കുകയോ അധികാരപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഗ) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ ഒരു പരസ്യമോ അല്ലെങ്കിൽ ഒരു പരസ്യമടങ്ങുന്ന ഏതെങ്കിലും ലഘുലേഖയോ ലഘുനോട്ടീസോ രേഖയോ പൊതുജനത്തിന് വിതരണം ചെയ്യുകയോ വിതരണം ചെയ്യുവാൻ ഇടയാക്കുകയോ വിതരണം ചെയ്യുവാൻ അനുവദിക്കുകയോ അധികാരപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഘ) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ ഏതെങ്കിലും പരസ്യം ഏതെങ്കിലും സ്ഥലത്തിന്മേലോ കെട്ടിടത്തിന്മേലോ ചുമരിന്മേലോ പരസ്യപ്പലകയിന്മേലോ ചട്ടക്കൂടിന്മേലോ തൂണിന്മേലോ കെട്ടിട രൂപത്തിന്മേലോ അവയുടെ മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും വാഹനത്തിന്മേലോ അതിന്റെ ഉള്ളിലോ നാട്ടുകയോ പ്രദർശിപ്പിക്കുകയോ പതിക്കുകയോ നിലനിർത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്ത് ഏതെങ്കിലും രീതിയിൽ, എന്തുതന്നെ ആയിരുന്നാലും, പ്രദർശിപ്പിക്കുകയോ,

ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ ഉപവകുപ്പ്—

(ക) സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നമോ അടങ്ങിയിരിക്കുന്ന ഒരു പായ്ക്കേജിന്റെ അകത്തോ അതിൻമേലോ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ ഒരു പരസ്യത്തെയോ;

(ഖ) സിഗരറ്റുകളും മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളും വില്പനക്കോ വിതരണത്തിനോ വച്ചിരിക്കുന്ന ഒരു പണ്ടകശാലയുടെയോ ഒരു കടയുടെയോ കവാടത്തിലോ ഉള്ളിലോ പ്രദർശിപ്പിച്ചിരിക്കുന്ന സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ പരസ്യത്തെയോ,

സംബന്ധിച്ച് ബാധകമാകുന്നതല്ല.

(3) യാതൊരാളും ഒരു കരാറിൻകീഴിലോ മറ്റു വിധത്തിലോ—

(ക) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ; അല്ലെങ്കിൽ

(ഖ) മറ്റൊരാൾ നൽകിയതോ നൽകുവാൻ സമ്മതിച്ചിട്ടുള്ളതോ ആയ ഒരു സ്പോൺസർഷിപ്പിനോ പാരിതോഷികത്തിനോ സമ്മാനത്തിനോ സ്കോളർഷിപ്പിനോ പകരമായി സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നത്തിന്റെയോ വ്യാപാര ചിഹ്നത്തിന്റെയോ വ്യാപാരമുദ്രയുടെ പേരിന്റെയോ,

ഉപയോഗമോ ഉപഭോഗമോ പ്രോൽസാഹിപ്പിക്കുകയോ പ്രോൽസാഹിപ്പിക്കുവാൻ സമ്മതിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

6. പതിനെട്ട് വയസ്സിനു താഴെ പ്രായമുള്ള ഒരാൾക്കും പ്രത്യേക പ്രദേശത്തിലും സിഗരറ്റോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ വിൽക്കുന്നതിന്മേലുള്ള നിരോധനം.—യാതൊരാളും—

(ക) പതിനെട്ട് വയസ്സിനു താഴെ പ്രായമുള്ള ഏതൊരാൾക്കും;

(ഖ) ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നൂറു ഗജം വ്യാസാർദ്ധത്തിനുള്ളിലുള്ള പ്രദേശത്തിലും,

സിഗരറ്റോ മറ്റേതെങ്കിലും പുകയില ഉത്പന്നമോ വിൽക്കുവാനോ വില്പനയ്ക്കു വയ്ക്കുവാനോ വില്പന അനുവദിക്കുവാനോ പാടുള്ളതല്ല.

7. സിഗരറ്റുകളിലും മറ്റ് പുകയില ഉത്പന്നങ്ങളിലും ഉള്ള വ്യാപാര വാണിജ്യത്തിന്റെയും അവയുടെ ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും മേലുള്ള നിയന്ത്രണങ്ങൾ.—(1) യാതൊരാളും, അയാൾ ഉത്പാദിപ്പിച്ചതോ സപ്ലൈ ചെയ്തതോ വിതരണം ചെയ്തതോ ആയ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഓരോ പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ [1][നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു ചിത്രിതമായ മുന്നറിയിപ്പ് ഉൾപ്പെടുന്ന അങ്ങനെയുള്ള വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ്] ഇല്ലാത്തപക്ഷം സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ പ്രത്യക്ഷമായോ പരോക്ഷമായോ ഉത്പാദിപ്പിക്കുകയോ സപ്ലൈ ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) യാതൊരാളും, അയാൾ വിൽപന നടത്തിയതോ സപ്ലൈ ചെയ്തതോ വിതരണം ചെയ്തതോ ആയ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഓരോ പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ അങ്ങനെ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇല്ലാത്തപക്ഷം സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ വ്യാപാരമോ വാണിജ്യമോ നടത്തുവാൻ പാടുള്ളതല്ല.

(3) യാതൊരാളും, അയാൾ ഇറക്കുമതി ചെയ്ത സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഓരോ പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇല്ലാത്തപക്ഷം സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ ഭാരതത്തിൽ വിതരണത്തിനുവേണ്ടിയോ മൂല്യമുള്ള പ്രതിഫലത്തിനായി സപ്ലൈ ചെയ്യുന്നതിനുവേണ്ടിയോ അല്ലെങ്കിൽ വിൽപനയ്ക്കുവേണ്ടിയോ ഇറക്കുമതി ചെയ്യുവാൻ പാടുള്ളതല്ല.

(4) വിതരണത്തിനായോ വില്പനയ്ക്കായോ മൂല്യമുള്ള പ്രതിഫലത്തിനായി സപ്ലൈ ചെയ്യുന്നതിനായോ സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ പായ്ക്കു ചെയ്യപ്പെട്ട ഏറ്റവും വലിയ ഗണങ്ങളിലെ ഒന്നിൽ കുറയാത്ത പായ്ക്കേജിൽ അങ്ങനെ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ദൃഷ്ടിഗോചരമാക്കേണ്ടതാണ്.

(5) യാതൊരാളും, അയാൾ ഉത്പാദിപ്പിച്ചതോ സപ്ലൈ ചെയ്തതോ വിതരണം ചെയ്തതോ ആയ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഓരോ പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ ഓരോ സിഗരറ്റിലും അല്ലെങ്കിൽ, അതത് സംഗതിപോലെ, മറ്റ് പുകയില ഉത്പന്നങ്ങളിലും ഉള്ള നിക്കോട്ടിന്റെയും ടാറിന്റെയും അളവുകൾ അതിന്റെ പരമാവധി അനുവദനീയ പരിധികളോടൊപ്പം സൂചിപ്പിക്കാത്തപക്ഷം സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ നേരിട്ടോ നേരിട്ടല്ലാതെയോ ഉത്പാദിപ്പിക്കുകയോ സപ്ലൈ ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ, നിക്കോട്ടിന്റെയും ടാറിന്റെയും അളവുകൾ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അതിന്റെ പരമാവധി അനുവദനീയ അളവിൽ കവിയുവാൻ പാടുള്ളതല്ല.

8. വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഏതു രീതിയിൽ നല്കേണ്ടതാണെന്ന്.—(1) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഒരു പായ്ക്കേജിന്മേലുള്ള വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ്—

(ക) വായിക്കാൻ കഴിയുന്നതും സ്പഷ്ടമായതും;

[1] 2007-ലെ 38-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ഖ) ശ്രദ്ധയാകർഷിക്കത്തക്ക വലിപ്പത്തിലും നിറത്തിലും;

(ഗ) പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ ഉപയോഗിച്ചിട്ടുള്ള അക്ഷരങ്ങളുടെ അടയാളപ്പെടുത്തലോ രേഖാചിത്രിതമായ വസ്തുവോ മറ്റേതെങ്കിലും രീതിയിൽ നിന്നും സ്പഷ്ടമായി വ്യത്യാസപ്പെട്ടിരിക്കുന്ന അങ്ങനെയുള്ള ശൈലിയിലോ വ്യക്തവും സ്ഫുടവുമായ അക്ഷരങ്ങളുടെ അടയാളപ്പെടുത്തലിന്റെ രീതിയിലോ പ്രദർശിപ്പിക്കേണ്ടതും, പായ്ക്കേജിന്റെയോ അതിന്റെ ലേബലിന്റെയോ ശ്രദ്ധയാകർഷിക്കത്തക്കവിധം പശ്ചാത്തലവുമായി വ്യതിരിക്തമായ ഒരു വർണ്ണത്തിൽ പായ്ക്കേജിൻമേൽ അച്ചടിക്കേണ്ടതോ ചായം കൊണ്ടെഴുതേണ്ടതോ ആലേഖനം ചെയ്യേണ്ടതോ ആയിരിക്കേണ്ടതുമാണ്.

(2) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഒരു പായ്ക്കേജിന്മേൽ ഒരു വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് അച്ചടിക്കേണ്ടതോ ചായംകൊണ്ടെഴുതേണ്ടതോ ആലേഖനം ചെയ്യേണ്ടതോ ഏതു രീതിയിലാണെന്നത് ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(3) സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ അടങ്ങുന്ന ഓരോ പായ്ക്കേജും അതിന്മേലോ അതിന്റെ ലേബലിന്മേലോ കാണപ്പെടുന്ന വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് പാക്കേജ് തുറക്കുന്നതിനു മുമ്പ് ഉപഭോക്താവിന് ദൃശ്യമായിരിക്കുമെന്ന് ഉറപ്പുവരത്തക്കവിധം പായ്ക്ക് ചെയ്യേണ്ടതാണ്.

9. <u>വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഏത് ഭാഷയിലാണ് പ്രകടിപ്പിക്കേണ്ടതെന്ന്.</u>— (1) സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ അടങ്ങുന്ന പായ്ക്കേജിന്മേലോ അതിന്റെ ലേബലിന്മേലോ ഉപയോഗിക്കപ്പെടുന്ന ഭാഷ—

(ക) ഇംഗ്ലീഷ് ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിൽ പ്രകടിപ്പിക്കേണ്ടതാണ് ;

(ഖ) ഏതെങ്കിലും ഭാരത ഭാഷയോ ഭാഷകളോ ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് അങ്ങനെയുള്ള ഭാരത ഭാഷയിലോ ഭാഷകളിലോ പ്രകടിപ്പിക്കേണ്ടതാണ് ;

(ഗ) ഇംഗ്ലീഷിലും ഒന്നോ അതിലധികമോ ഭാരത ഭാഷകളിലും ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിലും അതുപോലെതന്നെ അങ്ങനെയുള്ള ഭാരത ഭാഷയിലോ ഭാഷകളിലോ പ്രകടിപ്പിക്കേണ്ടതാണ് ;

(ഘ) ഭാഗികമായി ഇംഗ്ലീഷിലും ഭാഗികമായി ഏതെങ്കിലും ഭാരത ഭാഷയിലോ ഭാഷകളിലോ ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിലും അതുപോലെ തന്നെ അങ്ങനെയുള്ള ഭാരത ഭാഷയിലോ ഭാഷകളിലോ പ്രകടിപ്പിക്കേണ്ടതാണ് ;

(ങ) ഏതെങ്കിലും വിദേശഭാഷ ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിൽ പ്രകടിപ്പിക്കേണ്ടതാണ് ;

(ച) ഭാഗികമായി ഏതെങ്കിലും വിദേശഭാഷയിലും ഭാഗികമായി ഇംഗ്ലീഷിലും അല്ലെങ്കിൽ ഏതെങ്കിലും ഭാരത ഭാഷയിലോ ഭാഷകളിലോ ആയിരിക്കുന്നിടത്ത്, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിലും അതുപോലെ തന്നെ അങ്ങനെയുള്ള ഭാരത ഭാഷയിലോ ഭാഷകളിലോ പ്രകടിപ്പിക്കേണ്ടതാണ്.

(2) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ യാതൊരു പായ്ക്കേജിലോ അതിന്റെ ലേബലിലോ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പിന് അസംഗതമായതോ മതിപ്പുകുറയ്ക്കുന്നതോ ആയ ഏതെങ്കിലും വിഷയമോ പ്രസ്താവനയോ അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല.

10. <u>അക്ഷരങ്ങളുടെയും അക്കങ്ങളുടെയും വലിപ്പം.</u>—സിഗരറ്റുകളിലും മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളിലുമുള്ള വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പോ നിക്കോട്ടിന്റെയും ടാറിന്റെയും അളവിന്റെ സൂചനയോ അങ്ങനെയുള്ള മുന്നറിയിപ്പിലും സൂചനയിലും ഉപയോഗിച്ചിട്ടുള്ള ഓരോ അക്ഷരത്തിന്റെയോ അക്കത്തിന്റെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ ഉയരം ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉയരത്തിൽ കുറവാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമാണെന്ന് കരുതപ്പെടുന്നതല്ല.

11. നിക്കോട്ടിന്റെയും ടാറിന്റെയും അളവ് പരിശോധിക്കുന്നതിനുള്ള ലബോറട്ടറി.—സിഗരറ്റുകളിലും മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളിലുമുള്ള നിക്കോട്ടിന്റെയും ടാറിന്റെയും അളവ് പരിശോധിക്കുന്നതിനുള്ള ആവശ്യങ്ങൾക്കായി, കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, ആ സർക്കാരിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള പരിശോധനയ്ക്കുള്ള ലബോറട്ടറിക്ക് അംഗീകാരം നൽകേണ്ടതാണ്.

12. പ്രവേശനത്തിനും പരിശോധനയ്ക്കുമുള്ള അധികാരം.—(1) ഒരു സബ് ഇൻസ്പെക്ടറുടെ പദവിക്ക് താഴെ അല്ലാത്ത ഏതെങ്കിലും പോലീസ് ആഫീസർക്കോ സംസ്ഥാന ഭക്ഷ്യ അല്ലെങ്കിൽ ഡ്രഗ് അഡ്മിനിസ്ട്രേഷനിലെ ഏതെങ്കിലും ആഫീസർക്കോ കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ അധികാരപ്പെടുത്തപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടറുടെ പദവിക്ക് താഴെയല്ലാത്ത തുല്യപദവി വഹിക്കുന്ന മറ്റേതെങ്കിലും ആഫീസർക്കോ, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കപ്പെട്ടിരിക്കുന്നുവെന്നോ ഉല്ലംഘിച്ചുകൊണ്ടിരിക്കുന്നുവെന്നോ അയാൾക്കു സംശയിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ,—

(ക) സിഗരറ്റുകളിലോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളിലോ ഏതെങ്കിലും വ്യാപാരമോ വാണിജ്യമോ നടത്തിക്കൊണ്ടിരിക്കുന്നതോ സിഗരറ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ ഉത്പാദിപ്പിക്കുകയോ സപ്ലൈ ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(ഖ) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പരസ്യത്തിനു രൂപം നൽകിയതോ അല്ലെങ്കിൽ നൽകുന്നതോ, ആയ ഏതൊരു ഫാക്ടറിയിലോ കെട്ടിടത്തിലോ കച്ചവട പരിസരങ്ങളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ, ഉചിതമായ ഏതു സമയത്തും, നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതുമാണ്.

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-ലെ വ്യവസ്ഥകൾ ഈ ആക്റ്റിൻ കീഴിൽ നടത്തുന്ന എല്ലാ പരിശോധനയ്ക്കും പിടിച്ചെടുക്കലിനും ബാധകമാകുന്നതാണ്.

13. പിടിച്ചെടുക്കുന്നതിനുള്ള അധികാരം.—(1) ഒരു സബ് ഇൻസ്പെക്ടറുടെ പദവിക്ക് താഴെ അല്ലാത്ത ഏതെങ്കിലും പോലീസ് ആഫീസർക്കോ സംസ്ഥാന ഭക്ഷ്യ അല്ലെങ്കിൽ ഡ്രഗ് അഡ്മിനിസ്ട്രേഷനിലെ ഏതെങ്കിലും ആഫീസർക്കോ കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ അധികാരപ്പെടുത്തപ്പെട്ട, പോലീസ് സബ് ഇൻസ്പെക്ടറുടെ പദവിക്ക് താഴെയല്ലാത്ത തുല്യപദവി വഹിക്കുന്ന മറ്റേതെങ്കിലും ആഫീസർക്കോ,—

(ക) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പായ്ക്കേജിനെ സംബന്ധിച്ച്; അല്ലെങ്കിൽ

(ഖ) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പരസ്യത്തെ സംബന്ധിച്ച്,

ഈ ആക്റ്റിലെ വ്യവസ്ഥകൾ ഉല്ലംഘിക്കപ്പെട്ടിരിക്കുന്നുവെന്നോ ഉല്ലംഘിച്ചുകൊണ്ടിരിക്കുന്നുവെന്നോ വിശ്വസിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ അയാൾക്ക് അപ്രകാരമുള്ള പായ്ക്കേജോ പരസ്യ വസ്തുവോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ പിടിച്ചെടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ പിടിച്ചെടുക്കപ്പെട്ട സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ യാതൊരു പായ്ക്കേജോ പരസ്യവസ്തുവോ, ആ പായ്ക്കേജോ പരസ്യവസ്തുവോ പിടിച്ചെടുത്ത ആഫീസർ, ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ വച്ചാണോ അത്തരം പിടിച്ചെടുക്കൽ നടത്തിയത് ആ ജില്ലാ ജഡ്ജിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തപക്ഷം പിടിച്ചെടുത്ത തീയതി മുതൽ തൊണ്ണൂറു ദിവസക്കാലയളവിൽ കൂടുതൽ കൈവശം വയ്ക്കുവാൻ പാടുള്ളതല്ല.

14. പായ്ക്കേജിന്റെ കണ്ടുകെട്ടൽ.—സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതൊരു പായ്ക്കേജിനെയോ അല്ലെങ്കിൽ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതൊരു പരസ്യ വസ്തുവിനെയോ സംബന്ധിച്ചാണോ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ഉല്ലംഘിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നത് അവ കണ്ടുകെട്ടലിന് വിധേയമാകുന്നതാണ്:

എന്നാൽ, ആരുടെ കൈവശത്തിലോ അധികാരത്തിലോ നിയന്ത്രണത്തിലോ ആണ് അങ്ങനെയുള്ള ഏതെങ്കിലും സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ പായ്ക്കേജ് കാണപ്പെടുന്നത്, ആ ആൾ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിന് ഉത്തരവാദിയല്ലെന്ന് കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്ന കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം സ്ഥാപിക്കപ്പെടുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള പായ്ക്കേജിന്റെ കണ്ടുകെട്ടലിനുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുപകരം, ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിന് അപരാധിയായ ആൾക്ക് എതിരായി അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം ഈ ആക്റ്റിനാൽ അധികാരപ്പെടുത്തപ്പെട്ട മറ്റ് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

15. <u>കണ്ടുകെട്ടലിനു പകരം ചെലവു കൊടുക്കുവാൻ ഐച്ഛികാവകാശം നൽകുന്നതിനുള്ള അധികാരം.</u>—(1) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പായ്ക്കേജിന്റെ ഏതെങ്കിലും കണ്ടുകെട്ടൽ ഈ ആക്റ്റിനാൽ അധികാരപ്പെടുത്തുമ്പോഴെല്ലാം, അത് ന്യായനിർണ്ണയം ചെയ്യുന്ന കോടതിക്ക്, കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്ന ഉത്തരവിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി, കണ്ടുകെട്ടലിനുപകരം കണ്ടുകെട്ടിയ വസ്തുക്കളുടെ മൂല്യത്തിന് തുല്യമായിരിക്കുന്ന ചെലവ് കൊടുക്കുവാനുള്ള ഐച്ഛികാവകാശം അതിന്റെ ഉടമസ്ഥന് നൽകാവുന്നതാണ്.

(2) കോടതി ഉത്തരവിട്ട ചെലവു നൽകിയതിന്മേൽ പിടിച്ചെടുക്കപ്പെട്ട പായ്ക്കേജുകൾ, ആരിൽനിന്നാണോ അവ പിടിച്ചെടുത്തത് ആ ആൾക്ക്, സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ അങ്ങനെയുള്ള പായ്ക്കേജുകളുടെ ഏതെങ്കിലും വിതരണമോ വില്പനയോ സപ്ലൈയോ നടത്തുന്നതിനു മുമ്പ് അങ്ങനെയുള്ള ആൾ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളുടെ സൂചനയും അങ്ങനെയുള്ള ഓരോ പായ്ക്കേജിന്മേലും ഉൾക്കൊള്ളിക്കേണ്ടതാണെന്നുള്ള ഉപാധിയിന്മേൽ തിരിച്ചു നൽകേണ്ടതാണ്.

16. <u>കണ്ടുകെട്ടൽ മറ്റ് ശിക്ഷകൾക്ക് തടസ്സമാവുകയില്ലെന്ന്.</u>—ഈ ആക്റ്റിൻ കീഴിൽ നടത്തിയ കണ്ടുകെട്ടലും നൽകേണ്ടതാണെന്ന് ഉത്തരവിട്ട ചെലവും, അതിനാൽ ബാധിക്കപ്പെട്ട ആൾക്ക്, ഈ ആക്റ്റിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ ഉള്ള വ്യവസ്ഥകൾ പ്രകാരം അർഹമാകുന്ന ഏതെങ്കിലും ശിക്ഷ ചുമത്തപ്പെടലിൽനിന്നും തടയുന്നതല്ല.

17. <u>ന്യായനിർണ്ണയം.</u>—സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും കണ്ടുകെട്ടലോ നൽകേണ്ടതാണെന്ന് ഉത്തരവിടാവുന്ന ചെലവോ,—

(ക) ആദ്യാധികാരിതയുള്ള ഏതു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ വെച്ചാണോ അങ്ങനെയുള്ള കണ്ടുകെട്ടൽ നടത്തുകയോ ചെലവുനൽകേണ്ടതാണെന്ന് ഉത്തരവിടുകയോ ചെയ്തിട്ടുള്ളത് ആ കോടതിക്ക് യാതൊരു പരിധികൂടാതെയും;

(ഖ) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, ഇതിലേക്ക് അധികാരപ്പെടുത്താവുന്ന അയ്യായിരം രൂപയിൽ കവിയുന്ന ആർത്ഥികാധികാരിതയുള്ള ഒരു സിവിൽ കോടതിക്ക് താഴെയല്ലാത്ത അങ്ങനെയുള്ള മറ്റ് കോടതിക്ക് കേന്ദ്രസർക്കാർ, ഇതിലേക്ക് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പരിധികൾക്ക് വിധേയമായും, ന്യായനിർണ്ണയം ചെയ്യാവുന്നതാണ്.

18. <u>പിടിച്ചെടുക്കപ്പെട്ട പാക്കേജുകളുടെ ഉടമസ്ഥന് അവസരം നൽകൽ.</u>—(1) സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ പാക്കേജിന്റെ ഉടമസ്ഥനോ കൈവശമുള്ള ആൾക്കോ അങ്ങനെയുള്ള പാക്കേജ് കണ്ടുകെട്ടുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കാരണങ്ങൾ അയാളെ അറിയിക്കുന്ന ലിഖിതമായ ഒരു നോട്ടീസ് നൽകുകയും നോട്ടീസിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ന്യായമായ സമയത്തിനുള്ളിൽ അതിൽ പ്രസ്താവിച്ചിട്ടുള്ള കണ്ടുകെട്ടലിന് എതിരായി ലിഖിതമായ ഒരു നിവേദനം നൽകുവാനും, അയാൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വിഷയത്തിൽ അയാളെ നേരിട്ടോ പ്രതിനിധി മുഖാന്തിരമോ കേൾക്കപ്പെടുവാൻ അയാൾക്ക് ന്യായമായ ഒരവസരം നൽകുകയും ചെയ്തിട്ടില്ലാത്തപക്ഷം, കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്നതോ, ചെലവ് നൽകുവാൻ നിർദ്ദേശിക്കുന്നതോ ആയ യാതൊരു ഉത്തരവും, പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നാൽ സിഗരറ്റുകളുടെയോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളുടെയോ പാക്കേജ് പിടിച്ചെടുത്ത തീയതി മുതൽ തൊണ്ണൂറു ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള നോട്ടീസ് നൽകാതിരിക്കുന്നിടത്ത്, ആ കാലയളവ് അവസാനിച്ചതിനുശേഷം അങ്ങനെയുള്ള പാക്കേജ് ഉടമസ്ഥനോ അല്ലെങ്കിൽ ആരുടെ കൈവശത്തിൽ നിന്നാണോ അത് പിടിച്ചെടുത്തത് ആ ആൾക്കോ തിരിച്ച് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5)-യിലെ വ്യവസ്ഥകൾ കഴിയുന്നിടത്തോളം (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള എല്ലാ നടപടിക്കും ബാധകമാകുന്നതാണ്.

19. <u>അപ്പീൽ.</u>—(1) കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുകയോ ചെലവു കൊടുക്കുവാൻ ഉത്തരവിടുകയോ, ചെയ്തതുകൊണ്ടുള്ള കോടതിയുടെ ഏതെങ്കിലും തീരുമാനത്താൽ സങ്കടമുള്ള ഏതൊരാൾക്കും, അങ്ങനെയുള്ള കോടതിയുടെ തീരുമാനത്തിൽ നിന്നും ഏതു കോടതിയിലേക്കാണോ അപ്പീലുണ്ടായിരിക്കുന്നത്, ആ കോടതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) അപ്പീൽ കോടതി, അപ്പീൽ വാദിയെ കേൾക്കപ്പെടുവാനുള്ള ഒരവസരം നൽകിയതിനുശേഷം ഏത് തീരുമാനത്തിനോ ഉത്തരവിനോ എതിരായാണ് അപ്പീൽ നൽകിയിട്ടുള്ളത് ആ തീരുമാനമോ ഉത്തരവോ സ്ഥിരപ്പെടുത്തുന്നതോ രൂപഭേദപ്പെടുത്തുന്നതോ മറിച്ച് വിധിക്കുന്നതോ ആയ യുക്തമെന്നുതോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കുകയോ ആവശ്യമാണെങ്കിൽ, കൂടുതൽ തെളിവ് എടുത്തതിനുശേഷം, അതത് സംഗതിപോലെ, ഒരു പുതിയ തീരുമാനത്തിനോ ന്യായനിർണ്ണയത്തിനോ ആയി അതിന് യുക്തമെന്ന് തോന്നാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങളോടുകൂടി കേസ്സ് തിരികെ അയച്ചുകൊടുക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, കണ്ടുകെട്ടലിന് പകരം ഏതെങ്കിലും പിഴ വർദ്ധിപ്പിക്കുകയോ അധിക മൂല്യമുള്ള സാധനങ്ങൾ കണ്ടുകെട്ടുകയോ ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവ്, ഒരു നിവേദനം നൽകുവാനും അയാൾ അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ, പ്രതിവാദത്തിൽ നേരിട്ടോ പ്രതിനിധി മുഖാന്തിരമോ കേൾക്കപ്പെടുവാനും ഒരവസരം ഉണ്ടായിട്ടില്ലാത്ത പക്ഷം, ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) അപ്പീൽ കോടതിയുടെ ഉത്തരവിനെതിരായി വീണ്ടും അപ്പീൽ നിലനിൽക്കുന്നതല്ല.

20. <u>വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളും നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.</u>—(1) പാക്കേജിൻമേലോ അവയുടെ ലേബലിൻമേലോ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സിഗരറ്റുകളോ പുകയില ഉത്പന്നങ്ങളോ ഉത്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരാളും ആദ്യ കുറ്റസ്ഥാപനത്തിന്റെ കാര്യത്തിൽ രണ്ട് വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കോ അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയും, രണ്ടാമത്തെ അല്ലെങ്കിൽ പിന്നീടുള്ള കുറ്റസ്ഥാപനത്തിന് പതിനായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോടുകൂടിയ അഞ്ച് വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) പാക്കേജിൻമേലോ അവയുടെ ലേബലിൻമേലോ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സിഗരറ്റുകളോ പുകയില ഉത്പന്നങ്ങളോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആദ്യ കുറ്റസ്ഥാപനത്തിന്റെ കാര്യത്തിൽ ഒരു വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയും, രണ്ടാമത്തെ അല്ലെങ്കിൽ പിന്നീടുള്ള കുറ്റസ്ഥാപനത്തിന് മൂവായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോടുകൂടിയ രണ്ടു വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

21. <u>ചില സ്ഥലങ്ങളിൽ പുക വലിക്കുന്നതിനുള്ള ശിക്ഷ.</u>—(1) 4-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ഇരുനൂറ് രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റം രാജിയാക്കപ്പെടാവുന്നതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-യിൽ സമ്മറി വിചാരണയ്ക്കു വേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമത്തിനനുസൃതമായി സമ്മറിയായി വിചാരണ ചെയ്യപ്പെടേണ്ടതുമാണ്.

22. സിഗററ്റുകളുടെയും പുകയില ഉത്പന്നങ്ങളുടെയും പരസ്യം ചെയ്യുന്നതിനുള്ള ശിക്ഷ.—5-ാം വകുപ്പിലെ വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ—

(ക) ആദ്യ കുറ്റസ്ഥാപനത്തിന്റെ കാര്യത്തിൽ രണ്ട് വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയും;

(ഖ) രണ്ടാമത്തെ അല്ലെങ്കിൽ പിന്നീടുള്ള കുറ്റസ്ഥാപനത്തിന്റെ കാര്യത്തിൽ അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോടുകൂടിയ അഞ്ച് വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവുശിക്ഷയ്ക്കും,

ശിക്ഷിക്കപ്പെടേണ്ടതാണ്.

23. പരസ്യത്തിന്റെയും പരസ്യവസ്തുവിന്റെയും കണ്ടുകെട്ടൽ.—5-ാം വകുപ്പിലെ വ്യവസ്ഥ ഉല്ലംഘിച്ചതിനായി ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും ആളെ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, സിഗററ്റുകൾക്കും മറ്റ് പുകയില ഉത്പന്നങ്ങൾക്കുമുള്ള പരസ്യവും പരസ്യവസ്തുവും സർക്കാരിലേക്ക് കണ്ടുകെട്ടപ്പെടാവുന്നതും അങ്ങനെയുള്ള പരസ്യവും പരസ്യവസ്തുവും ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ കൈയൊഴിക്കേണ്ടതുമാണ്.

24. സിഗററ്റുകളോ മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളോ ചില സ്ഥലങ്ങളിലോ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ആളുകൾക്കോ വിൽക്കുന്നതിനുള്ള ശിക്ഷ .—(1) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നതും ഇരുനൂറ് രൂപയോളം ആകാവുന്ന പിഴ ശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള എല്ലാ കുറ്റങ്ങളും രാജിയാക്കപ്പെടാവുന്നതും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-യിൽ സമ്മറി വിചാരണയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമത്തിനനുസൃതമായി സമ്മറിയായി വിചാരണ ചെയ്യപ്പെടേണ്ടതുമാണ്.

25. 4-ഉം 6-ഉം വകുപ്പുകളിൻകീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്ന സ്ഥലവും, നിരോധനവും തടങ്കലിൽ വയ്ക്കലും.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം പ്രവർത്തിക്കുവാൻ ക്ഷമതയുള്ള ഒന്നോ അതിലധികമോ ആളുകളെ അധികാരപ്പെടുത്താവുന്നതാണ്:

എന്നാൽ, അങ്ങനെ അധികാരപ്പെടുത്തപ്പെട്ട ആളിന്, ഏതെങ്കിലും ആൾ 4-ാം വകുപ്പിന്റെയോ 6-ാം വകുപ്പിന്റെയോ കീഴിൽ ഒരു കുറ്റം ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണമുണ്ടെങ്കിൽ കുറ്റാരോപണം ചെയ്യപ്പെട്ട ആൾ തന്റെ പേരും മേൽവിലാസവും നൽകുകയും, അയാൾക്ക് എതിരായി എടുക്കപ്പെടാവുന്ന മറ്റ് നടപടികൾക്കോ ഏതെങ്കിലും സമൻസിനോ അയാൾ യഥാവിധി ഉത്തരം പറയുമെന്ന് അയാളെ തടങ്കലിൽ വയ്ക്കുന്ന ഉദ്യോഗസ്ഥനെ മറ്റ് വിധത്തിൽ ബോദ്ധ്യപ്പെടുത്തുകയും ചെയ്യാത്ത പക്ഷം, അങ്ങനെയുള്ള ആളെ തടങ്കലിൽ വയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ തടങ്കലിൽ വയ്ക്കപ്പെട്ട ഏതൊരാളിനേയും നിയമം അനുസരിച്ച് കൈകാര്യം ചെയ്യപ്പെടുവാനായി ഉടൻതന്നെ മജിസ്ട്രേറ്റിന്റെ മുമ്പാകെ കൊണ്ടുപോകേണ്ടതാണ്.

(3) 4-ാം വകുപ്പിന്റെയോ 6-ാം വകുപ്പിന്റെയോ കീഴിൽ ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള കുറ്റത്തിനായി, അയാൾ ഉണ്ടാകാവുന്ന ഏതെങ്കിലും സ്ഥലത്തോ സംസ്ഥാന സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യാവുന്ന സ്ഥലത്തോ, അതുപോലെതന്നെ, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ വിചാരണ ചെയ്യപ്പെടുവാൻ അയാൾ വിധേയനാക്കപ്പെട്ട മറ്റേതെങ്കിലും സ്ഥലത്തോ, വിചാരണ ചെയ്യപ്പെടേണ്ടതാണ്.

(4) (1)-ഉം (3)-ഉം ഉപവകുപ്പുകളിൻകീഴിൽ പുറപ്പെടുവിച്ച ഓരോ വിജ്ഞാപനവും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് പൊതുജനത്തിന്റെ അറിവിനായി സംസ്ഥാന സർക്കാരിന് നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ശ്രദ്ധയാകർഷിക്കത്തക്ക ഏതാനും ചില സ്ഥലത്തോ സ്ഥലങ്ങളിലോ പ്രദർശിപ്പിക്കേണ്ടതുമാണ്.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തുന്ന ഓരോ ആളും ഇൻഡ്യൻ ശിക്ഷാ നിയമം (1860-ലെ 45)-ന്റെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലുള്ള ഒരു പബ്ലിക് സർവ്വന്റായി കരുതപ്പെടേണ്ടതാണ്.

26. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ആ കുറ്റം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി അതിന്റെ ചുമതല വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഏതൊരാളും കൂടാതെ കമ്പനിയും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും, എതിരായി നടപടി എടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥരായിരിക്കുന്നതും, ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവു കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ, അയാൾ തെളിയിക്കുന്നുവെങ്കിൽ, യാതൊരു ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ അവരുടെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ എതിരായി നടപടി എടുക്കപ്പെടുകയും അതനുസരിച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

27. കുറ്റങ്ങൾക്ക് ജാമ്യം അനുവദിക്കേണ്ടതാണെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-യിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ശിക്ഷാർഹമായ ഒരു കുറ്റം ജാമ്യം അനുവദിക്കത്തക്കതാണ്.

28. കുറ്റങ്ങൾ രാജിയാക്കൽ.—(1) 4-ാം വകുപ്പിന്റെയോ 6-ാം വകുപ്പിന്റെയോ കീഴിൽ ചെയ്ത ഏതൊരു കുറ്റവും പ്രോസിക്യൂഷന്റെ ആരംഭത്തിന് മുമ്പോ അതിനുശേഷമോ കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ അധികാരപ്പെടുത്തപ്പെട്ട അങ്ങനെയുള്ള ഉദ്യോഗസ്ഥനാൽ ഇരുനൂറ് രൂപയിൽ കവിയാത്ത ഒരു തുകയ്ക്ക് രാജിയാക്കപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കുറ്റം രാജിയാക്കപ്പെട്ടിട്ടുള്ളിടത്ത്, കുറ്റക്കാരൻ, കസ്റ്റഡിയിൽ ഉണ്ടെങ്കിൽ, മോചിപ്പിക്കപ്പെടേണ്ടതും അങ്ങനെയുള്ള കുറ്റം സംബന്ധിച്ച് അയാൾക്കെതിരായി യാതൊരു തുടർ നടപടികളും എടുക്കുവാൻ പാടില്ലാത്തതുമാണ്.

29. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

30. ഏതെങ്കിലും പുകയില ഉത്പന്നങ്ങളെ പട്ടികയിൽ കൂട്ടിച്ചേർക്കുന്നതിനുളള അധികാരം.—കേന്ദ്ര സർക്കാരിന്, ഈ ആക്റ്റ്പ്രകാരം പരസ്യങ്ങൾ നിരോധിക്കേണ്ടതാണെന്നും അതിന്റെ ഉത്പാദനവും സപ്ളൈയും വിതരണവും ക്രമീകരിക്കേണ്ടതാവശ്യമാണെന്നും അതിന് അഭിപ്രായമുളള മറ്റേതെങ്കിലും പുകയില ഉത്പന്നങ്ങളെ സംബന്ധിച്ച്, അവ പട്ടികയിൽ കൂട്ടിച്ചേർക്കാവുന്നതാണെന്ന അതിന്റെ അപ്രകാരമുളള ഉദ്ദേശം, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, മൂന്നുമാസത്തിൽ കുറയാത്ത നോട്ടീസ് നൽകിയതിനുശേഷം, അതുപോലെയുളള വിജ്ഞാപനത്താൽ കൂട്ടിച്ചേർക്കാവുന്നതും, അതിനുശേഷം ആ പട്ടിക, അങ്ങനെയുളള ഉത്പന്നങ്ങൾക്ക് അതിന്റെ ബാധകത അതിനനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

31. ചട്ടങ്ങൾ ഉണ്ടാക്കുവാനുളള കേന്ദ്രസർക്കാരിന്റെ അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ അങ്ങനെയുളള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (ണ) ഖണ്ഡത്തിൻകീഴിൽ സിഗരറ്റുകളെയോ മറ്റ് പുകയില ഉത്പന്നങ്ങളെയോ സംബന്ധിച്ച് നൽകേണ്ടതായ മുന്നറിയിപ്പ് ഏതു മാതൃകയിലും രീതിയിലുമാണെന്ന് വിനിർദ്ദേശിക്കുക ;

(ഖ) 7-ാം വകുപ്പ് (5)-ാം ഉപവകുപ്പിലെ ക്ളിപ്തനിബന്ധനയിൻകീഴിൽ സിഗരറ്റുകളിലും മറ്റ് പുകയില ഉത്പന്നങ്ങളിലും പരമാവധി അനുവദനീയമായ നിക്കോട്ടിന്റെയും ടാറിന്റെയും അളവുകൾ വിനിർദ്ദേശിക്കുക ;

(ഗ) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ ഓരോ പാക്കേജിൻമേലോ അതിന്റെ ലേബലിൻമേലോ വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പ് ഏതുരീതിയിലാണ് ആലേഖനം ചെയ്യേണ്ടതെന്ന് വിനിർദ്ദേശിക്കുക ;

(ഘ) 10-ാം വകുപ്പിൻകീഴിൽ സിഗരറ്റുകളിലോ മറ്റ് പുകയില ഉത്പന്നങ്ങളിലോ ഉളള വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പിൽ ഉപയോഗിക്കേണ്ടതോ നിക്കോട്ടിന്റെയും ടാറിന്റെയും അളവുകൾ സൂചിപ്പിക്കേണ്ടതോ ആയ അക്ഷരത്തിന്റെയോ അക്കത്തിന്റെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ ഉയരം വിനിർദ്ദേശിക്കുക ;

(ങ) ഏതെങ്കിലും പരിസരങ്ങൾക്കുളളിൽ പ്രവേശനവും പരിശോധനയും നടത്തേണ്ടത് ഏത് രീതിയിലാണെന്നും, സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പാക്കേജിന്റെ കണ്ടുകെട്ടൽ നടത്തേണ്ടത് ഏതു രീതിയിലാണെന്നും, കണ്ടുകെട്ടൽ ലിസ്റ്റ് തയ്യാറാക്കേണ്ടതു ഏതു രീതിയിലാണെന്നും, സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പായ്ക്കേജ് ആരുടെ കസ്റ്റഡിയിൽ നിന്നാണോ കണ്ടുകെട്ടപ്പെട്ടത് ആ ആൾക്ക് വിട്ടുകൊടുക്കേണ്ടത് ഏതു രീതിയിലാണെന്നും വ്യവസ്ഥ ചെയ്യുക;

(ച) നിർണ്ണയിക്കപ്പെടുവാൻ ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനുവേണ്ടി വ്യവസ്ഥചെയ്യുക.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും 30-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ വിജ്ഞാപനവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുളള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരുസഭകളും ആ ചട്ടത്തിലോ വിജ്ഞാപനത്തിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടമോ വിജ്ഞാപനമോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ, അതത് സംഗതി പോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുളള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിന്റെയോ വിജ്ഞാപനത്തിന്റെയോ കീഴിൽ മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

32. കയറ്റുമതി ചെയ്യപ്പെടുന്ന സിഗരറ്റുകൾക്കോ മറ്റ് പുകയില ഉത്പന്നങ്ങൾക്കോ ആക്റ്റ് ബാധകമല്ലെന്ന്.—ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നും കയറ്റുമതി ചെയ്യപ്പെടുന്ന ഏതെങ്കിലും സിഗരറ്റിനോ മറ്റ് പുകയില ഉത്പന്നങ്ങൾക്കോ അല്ലെങ്കിൽ സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ പായ്ക്കേജിനോ ബാധകമാകുന്നതല്ല:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, വിനിർദ്ദേശിക്കപ്പെട്ട മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളുടെ സൂചനയും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത, സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ ഏതെങ്കിലും പായ്ക്കേജിന്റെ ഏതെങ്കിലും രാജ്യത്തേക്കുള്ള കയറ്റുമതിയെ, ആ രാജ്യത്തിൽ പ്രാബല്യത്തിലിരിക്കുന്ന നിയമം സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ ഓരോ പായ്ക്കേജിന്മേലും അതേ തരത്തിലുള്ളതോ സദൃശമായതോ ആയ മുന്നറിയിപ്പും നിക്കോട്ടിന്റെയും ടാറിന്റെയും അളവുകളും വിനിർദ്ദേശിക്കപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുന്നു എങ്കിൽ, അധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനായി യഥാർത്ഥ കയറ്റുമതി നടന്നിട്ടില്ല എന്നിരുന്നാലും, ഏതെങ്കിലും സിഗരറ്റോ മറ്റ് പുകയില ഉത്പന്നങ്ങളോ അല്ലെങ്കിൽ സിഗരറ്റുകളുടെയോ മറ്റ് പുകയില ഉത്പന്നങ്ങളുടെയോ പായ്ക്കേജിന്റെയോ കയറ്റുമതിക്കുവേണ്ടി ആവശ്യമായ നടപടികൾ നേരത്തെ എടുത്തിട്ടുണ്ടെങ്കിൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് കയറ്റുമതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

33. റദ്ദാക്കലും ഒഴിവാക്കലും.—(1) 1975-ലെ സിഗരറ്റുകൾ (ഉത്പാദനവും സപ്ലൈയും വിതരണവും ക്രമപ്പെടുത്തൽ) ആക്റ്റ് (1975-ലെ 49) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും മുൻപറഞ്ഞ ആക്റ്റിലെ വ്യവസ്ഥകളിൻ കീഴിൽ ചെയ്തിട്ടുള്ള എന്തെങ്കിലുമോ, എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അങ്ങനെയുള്ള കാര്യമോ നടപടിയോ വിരുദ്ധമല്ലാത്തിടത്തോളം അങ്ങനെയുള്ള കാര്യം ചെയ്തിട്ടുള്ളപ്പോഴോ അല്ലെങ്കിൽ നടപടി എടുത്തിട്ടുള്ളപ്പോഴോ മുൻപറഞ്ഞ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകളിൻകീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതും ഈ ആക്റ്റിൻകീഴിൽ ചെയ്തിട്ടുള്ള എന്തെങ്കിലുമായോ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയാലോ വിസ്ഥാപനം ചെയ്യപ്പെടുന്നതുവരെ അതിനനുസൃതമായി പ്രാബല്യത്തിൽ തുടരുന്നതുമാണ്.

## പട്ടിക

[3 (ത) വകുപ്പ് കാണുക]

1. സിഗരറ്റുകൾ

2. ചുരുട്ടുകൾ

3. ഷെറൂട്ടുകൾ

4. ബീഡികൾ

5. പുകയില സിഗരറ്റും പുകയില പൈപ്പും പുകയില ഹുക്കായും

6. മുറുക്കാൻ പുകയില

7. നാസികാചൂർണ്ണം

8. പാൻമസാലയോ (എന്ത് പേരിൽ വിളിക്കപ്പെട്ടാലും) അതിന്റെ ഘടകങ്ങളിൽ ഒന്നായി പുകയില അടങ്ങുന്ന ചവയ്ക്കാൻ ഉപയോഗിക്കുന്ന ഏതൊരു പദാർത്ഥമോ

9. ഗുഡ്ക

10. പുകയില അടങ്ങിയിരിക്കുന്ന പൽപ്പൊടി.

# THE CIGARETTES AND OTHER TOBACCO PRODUCTS (PROHIBITION OF ADVERTISEMENT AND REGULATION OF TRADE AND COMMERCE, PRODUCTION, SUPPLY AND DISTRIBUTION) ACT, 2003

(Act No. 34 of 2003)

# 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റ്

(2003-ലെ 34-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | | |
|---|---|---|---|---|
| 1. Cognate expressions | .. | സജാതീയ പദങ്ങൾ | .. | Section 3 |
| 2. Yards | .. | ഗജം | .. | Section 6 (b) |
| 3. Graphic | .. | രേഖാചിത്രിതമായ | .. | Section 8 (1) (c) |
| 4. Detract | .. | മതിപ്പ് കുറയ്ക്കുക | .. | Section 9 (2) |